(ഡി) 2013-14-ൽ അപേക്ഷ സമർപ്പിച്ച 1,42,295 അപേക്ഷകളിൽ ന്യൂനതകളില്ലാത്ത 138198 പേർക്ക് ആനുകൂല്യം അനുവദിച്ചുനൽകിയിട്ടുണ്ട്. ശേഷിച്ച 4097 പേർക്ക് വിവിധ കാരണങ്ങളാൽ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. ന്യൂനത പരിഹരിച്ച് അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്. അപേക്ഷകരിൽ 97.12 ശതമാനം പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം

304 (2860) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്. വാർഷിക വരുമാനപരിധി 50,000 രൂപയിൽ കവിയാത്ത അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണപത്രിക/വിവാഹം നിശ്ചയിച്ചുവെന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000 രൂപ അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു.

(സി&ഡി) ഇല്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന ഇക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20-9-2012-ലെ സ.ഉ.125/2012/SCSTDD നമ്പർ ഉത്തരവ് പ്രകാരം ധനസഹായ ഇക 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹ ധനസഹായം

305 (2861) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതിപ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിവരുന്നത് ; വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നൽകിവരുന്ന ഇക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly